രക്ഷയുടെ പാതയിൽ–4




4

# ജീവന്റെ നീർച്ചാലുകൾ

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി


# ഉള്ളടക്കം




1. ഈശോ ജീവന്റെ ഉറവിടം
2. സഭയിലൂടെ ജീവൻ നൽകുന്ന ഈശോ
3. കൂദാശകൾ: ജീവൻ നൽകുന്ന ചാലുകൾ
4. മാമ്മോദീസാ: ഈശോയിലുള്ള ജനനം
5. തൈലാഭിഷേകം: പരിശുദ്ധാത്മാവിലുള്ള അഭിഷേകം
6. വി. കുർബാന: ജീവൻ നൽകുന്ന ബലി
7. വി. കുർബാന: ജീവന്റെ അപ്പം
8. ഈശോയെ സ്വീകരിക്കാൻ
9. അനുരഞ്ജിതരായ് തീർന്നീടാം
10. അനുരഞ്ജനകൂദാശ
11. രോഗീലേപനം
12. തിരുപ്പട്ടം
13. വിവാഹം
14. കുദാശാനുകരണങ്ങൾ
15. പ്രാർത്ഥന: ദൈവവുമായുള്ള സംഭാഷണം

പാഠം 8

# ഈശോയെ സ്വീകരിക്കാൻ



നിങ്ങൾ എന്തിനെക്കുറിച്ചാണ് സംസാരിക്കുന്നതെന്ന ഈശോയുടെ ചോദ്യത്തിനുത്തരമായി, നസ്രായനായ ഈശോയുടെ പീഡാനുഭവത്തെയും മരണത്തെയും ഉത്ഥാനത്തെയുംകുറിച്ചാണെന്ന് അവർ മറുപടി നല്കി. മിശിഹാ ഇതെല്ലാം സഹിച്ച് മഹത്ത്വത്തിലേക്കു പ്രവേശിക്കേണ്ടതായിരുന്നുവെന്ന് വി.ഗ്രന്ഥം ഉദ്ധരിച്ചുകൊണ്ട് അപ്പോൾ ഈശോ അവർക്കു വ്യാഖ്യാനിച്ചുകൊടുത്തു (ലൂക്കാ 24:13–35).



അവർ എമ്മാവൂസിലെത്തിയപ്പോൾ ശിഷ്യരുടെ നിർബന്ധപ്രകാരം ഈശോ അവരോടൊപ്പം താമസിക്കുവാൻ കയറി. ഭക്ഷണത്തിനിരുന്നപ്പോൾ ഈശോ അപ്പമെടുത്ത് ആശീർവദിച്ചു. മുറിച്ച് അവർക്കു കൊടുത്തു. അപ്പോൾ അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു. അവർ അവനെ തിരിച്ചറിഞ്ഞു.



ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽനിന്നു പാനംചെയ്യുകയും ചെയ്താൽ അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനും എതിരേ തെറ്റു ചെയ്യുന്നു. അതിനാൽ ഓരോരുത്തരും ആത്മശോധന ചെയ്തതിനുശേഷം ഈ അപ്പം ഭക്ഷിക്കുകയും, പാത്രത്തിൽനിന്ന് പാനം ചെയ്യുകയും ചെയ്യട്ടെ (1 കോറി 11:27–28).



സ്നേഹത്തിന്റെ ഈ കൂദാശ സ്വീകരിക്കുമ്പോൾ ദൈവത്തോടും സഹോദരരോടും ഐക്യപ്പെട്ടു ജീവിക്കുക ആവശ്യമാണെന്ന് നാം ഓർമ്മിക്കണം. വി. കുർബാനയിലെ സമാധാനാശംസ ഇക്കാര്യമാണ് നമ്മെ ഓർമ്മിപ്പിക്കുന്നത്.



## വി. കുർബാന യോഗ്യതയോടെ സ്വീകരിക്കാൻ വേണ്ട കാര്യങ്ങൾ

1. കൃപാവരാവസ്ഥയിലായിരിക്കുക
2. ദിവ്യകാരുണ്യസ്വീകരണത്തിനു മുമ്പ് ഒരുമണിക്കൂറെങ്കിലും ഉപവസിക്കുക
3. വേണ്ടത്ര ഭക്തിയും ഒരുക്കവും ഉണ്ടായിരിക്കുക



ഈശോയുടെ ശരീരവും രക്തവും സ്വീകരിക്കുന്ന എല്ലാവരും ഈശോയുടെ ദൈവികജീവനിൽ പങ്കാളികളാകുന്നു. വി.കുർബാന പരസ്പര സ്നേഹത്തിന്റെയും ശുശ്രൂഷയുടെയും വിരുന്നാണ്.





# നമുക്കു പാടാം

മനസ്സിൽ നിറയും മലിനതയെല്ലാം
കഴുകി ധന്യരാകാം
അപരാധങ്ങൾ നീക്കണമേ
പാപകടങ്ങൾ മായ്ക്കണമേ.

# നമുക്കു പ്രാർത്ഥിക്കാം

ഞങ്ങൾക്ക് പാപമോചനവും ദൈവികജീവനും പ്രദാനം ചെയ്യു
വാൻ തിരുശരീരരക്തങ്ങൾ നൽകിയ ഈശോയെ, വേണ്ടത്ര
യോഗ്യതയോടെ അങ്ങയെ ഞങ്ങളുടെ ഹൃദയത്തിൽ
സ്വീകരിക്കുവാനുള്ള അനുഗ്രഹം തരണമേ.

**നമുക്കു ഭക്തിപൂർവ്വം ദൈവവചനം വായിക്കാം**

(1 കോറി.11:23–30)



# ഓർമ്മിക്കാൻ ഒരു തിരുവചനം

ഓരോരുത്തരും ആത്മശോധന ചെയ്തതിനുശേഷം ഈ അപ്പത്തിൽനിന്നു ഭക്ഷിക്കുകയും. പാത്രത്തിൽ നിന്നു പാനംചെയ്യുകയും ചെയ്യട്ടെ

(1 കോറി11:28).

# എന്റെ തീരുമാനം

ഈശോയുടെ തിരുശരീരരക്തങ്ങൾ ഞാൻ യോഗ്യതയോടെ സ്വീകരിക്കും.

# നമുക്കു ആടാം പാടാം



ഈശോയെ എന്നുള്ളിൽ വന്നീടണേ
സ്നേഹമായ് നിത്യം വസിച്ചീടണേ
യോഗ്യതയില്ലങ്ങേ സ്വീകരിക്കാൻ
നിന്നൊരുവാക്കാൽ ഞാൻ ശുദ്ധനാകും
സോദരരെയെന്നും സ്നേഹിച്ചീടാൻ
ദ്രോഹങ്ങളെല്ലാം ക്ഷമിച്ചീടുവാൻ
നിൻസ്നേഹമെന്നുള്ളിൽ ചിന്തീടണേ
നിത്യവുമെന്നിൽ വസിച്ചീടണേ.

Thank you